GOVERNMENT OF KERALA

AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram - 695003

Website: fibkerala.gov.in

E-mail:piofibtvm@gmail.com

Telephone: 0471 - 2318186, 2317314

Editor Farm News - Dr. Amritha V.S

എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 06/11/2026

1. കേരള കാർഷിക സർവകലാശാല, വെള്ളാനിക്കര കാർഷിക കോളേജിലെ നാനോ സയൻസ് ആൻഡ് ടെക്നോളജി വകുപ്പ്, Nanotechnology Biological and Chemical Routes to Functional Nanoparticles വിഷയത്തിൽ അഞ്ച് ദിവസത്തെ പ്രായോഗിക പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. 2026 നവംബർ 16 മുതൽ 20 വരെ വെള്ളാനിക്കര കാർഷിക കോളേജിലെ നാനോ സയൻസ് ആൻഡ് ടെക്നോളജി വകുപ്പിൽ വെച്ചാണ് പരിശീലനം നടക്കുന്നത്.

ഒരു പരിശീലന ബാച്ചിൽ അഞ്ച് പേർക്ക് മാത്രമാണ് പ്രവേശനം. ഒരാൾക്ക് 4,000 രൂപയാണ് രജിസ്ട്രേഷൻ ഫീസ്. കൂടുതൽ വിവരങ്ങൾക്ക് 9846623105, 8921364667 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

2. തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ ഒരു മാസം പ്രായമായ ബിവി 380 കോഴിക്കുഞ്ഞുങ്ങൾ വില്പനയ്ക്ക്. വില 180/- രൂപ. 9400483754 എന്ന ഫോൺ നമ്പറിൽ വിളിച്ചു ബുക്ക് ചെയ്യേണ്ടതാണ്. ബുക്കിംഗ് സമയം രാവിലെ 10 മണി മുതൽ 4 മണി വരെ.

3. കേരള കാർഷിക സർവകലാശാലയുടെ വെള്ളാനിക്കരയിലെ പ്ലാന്റ് പ്രൊപ്പഗേഷൻ ആൻഡ് നഴ്സറി മാനേജ്മെന്റ് യൂണിറ്റിന്റെ (സെൻട്രൽ നഴ്സറി) ആഭിമുഖ്യത്തിൽ സങ്കരയിനം കിടാരികളെയും പശുക്കളെയും വിൽപ്പനയ്ക്ക് ഒരുക്കിയിരിക്കുന്നു. താൽപ്പര്യമുള്ളവർക്ക് കൂടുതൽ വിവരങ്ങൾക്കും വാങ്ങുന്നതിനുമായി **0487-2438622** എന്ന ഫോൺ നമ്പറിൽ പ്രവൃത്തിദിവസങ്ങളിൽ രാവിലെ 10 മണി മുതൽ വൈകിട്ട് 5 മണി വരെ ബന്ധപ്പെടാവുന്നതാണ്.

4. തിരുവനന്തപുരം വെള്ളനാട് ഐ.സി.എ.ആർ കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ മൈക്രോ ഇറിഗേഷൻ സിസ്റ്റം - ടെയിനിംഗ് ആൻഡ് ഇൻസ്റ്റലേഷൻ എന്ന വിഷയത്തിൽ പ്രായോഗിക

പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. 2026 നവംബർ 28-ന് വെള്ളനാട് കൃഷി വിജ്ഞാന കേന്ദ്രത്തിലാണ് പരിശീലനം നടക്കുന്നത്. ജനറൽ വിഭാഗത്തിലുള്ള കർഷകർക്കും താൽപ്പര്യമുള്ളവർക്കും പങ്കെടുക്കാം. രജിസ്ട്രേഷൻ ഫീസ് 250 രൂപയാണ്. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും 9400288040 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടേണ്ടതാണ്. കൃഷിയിൽ ജലത്തിന്റെ കാര്യക്ഷമമായ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും ആധുനിക ജലസേചന രീതികൾ പരിചയപ്പെടുത്തുന്നതിനും ലക്ഷ്യമിട്ടാണ് പരിശീലന പരിപാടി സംഘടിപ്പിക്കുന്നത്.

5. റബ്ബർബോർഡിന് കീഴിലുള്ള നാഷണൽ ഇസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എ.ഐ.ആർ.റ്റി.) റബ്ബർ പ്ലാന്റേഷൻ മാനേജ്മെന്റിൽ ഒരു വർഷത്തെ പിജി ഡിപ്ലോമ കോഴ്സ് നടത്തുന്നു. കൃഷി, സസ്യശാസ്ത്രം, ബോട്ടണി, ഹോർട്ടികൾച്ചർ, ഫോറസ്ട്രി എന്നിവയിലേതിലെങ്കിലും ബിരുദം നേടിയവർക്ക് ഈ കോഴ്സിന് അപേക്ഷിക്കാം. പ്ലാന്റേഷൻമേഖല, കാർഷികമേഖല, റബ്ബറുത്പാദകസംഘങ്ങൾ, കമ്പനികൾ, ഫാം പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾ എന്നിവയിലേതിലെങ്കിലും ജോലി ചെയ്യുന്നവരും ഏതെങ്കിലും വിഷയത്തിൽ ബിരുദമുള്ളവരുമായ പ്രൊഫഷണലുകൾക്കും അപേക്ഷിക്കാൻ അർഹതയുണ്ട്. ഏതെങ്കിലും വിഷയത്തിൽ ബിരുദം നേടിയശേഷം കൃഷി, ഫാക്ടറി മാനേജ്മെന്റ്,

ഷാം മാനേജ്മെന്റ് എന്നിവയിലേതിലെങ്കിലും മൂന്നുവർഷത്തെ പ്രവൃത്തിപരിചയമുള്ളവർക്കും ഈ കോഴ്സിൽ ചേരാം. അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി 2026 നവംബർ 15 ആണ്. വിശദാംശങ്ങൾ റബ്ബർബോർഡ് വെബ്സൈറ്റിൽ ലഭ്യമാണ്. കോഴ്സിന് രജിസ്റ്റർ ചെയ്യുന്നതിന് ഉദ്യോഗാർത്ഥികൾക്ക് വെബ്സൈറ്റിൽ ലഭ്യമായ ലിങ്ക് ഉപയോഗിക്കാം. കൂടുതൽ വിവരങ്ങൾക്ക് 0481- 2353127, 6238092175 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.